# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ഏപ്രിൽ 3, ചൊവ്വ

**നമ്പർ 124**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 2018 മാർച്ച് 22-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 453-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും തിരുത്തൽ വരുത്തിയ മറുപടിയും ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തു വച്ചു.

പ്രത്യേക പരാമർശം :

സന്തോഷ് ട്രോഫി ഫുട്ബാൾ കിരീടം നേടിയ കേരള ടീമിനെ അനുമോദിച്ചുകൊണ്ട് സ്പീക്കർ പ്രത്യേക പരാമർശം നടത്തി. മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി എന്നിവരും ചെയറിന്റെ അഭിപ്രായങ്ങളോട് യോജിക്കുകയും ജേതാക്കളെ അനുമോദിക്കുകയും ചെയ്തു.

ഈ നേട്ടത്തിന്റെ സന്തോഷ സൂചകമായി ഏപ്രിൽ 6 വിജയദിനമായി ആഘോഷിക്കാൻ തീരുമാനിച്ച വിവരം മുഖ്യമന്ത്രി സഭയെ അറിയിച്ചു.

അടിയന്തരപ്രമേയം :

വയനാട്ടിലെ ഒരു ഡെപ്യൂട്ടി കളക്ടറും, റവന്യൂ വകുപ്പ് ഭരിക്കുന്ന കക്ഷിയുടെ ജില്ലാസെക്രട്ടറിയും, ഇടനിലക്കാരും ചേർന്ന് ഗൂഢാലോചന നടത്തി സർക്കാർ ഭൂമി ചില സ്വകാര്യ വ്യക്തികൾക്ക് പതിച്ചുകൊടുക്കാനുള്ള നീക്കംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് ശ്രീ. വി. ഡി. സതീശനും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

KNPP. 1224/2018 (i).

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് കേരള കോൺഗ്രസ് (എം), ബി.ജെ.പി. എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്, ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം മുഴക്കുകയും സഭയിൽ നിന്ന് ഇറങ്ങിപ്പോകുകയും ചെയ്തു.

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

(1) വിഭവ കൈമാറ്റത്തിന് പതിനഞ്ചാം ധനകമ്മീഷൻ 2011-ലെ സെൻസസ് അടിസ്ഥാനമാക്കാതിരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ട തിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. സുരേഷ് കുറുപ്പ് ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) വിവിധ വകുപ്പുകളിലേക്കുള്ള നിയമനത്തിനുള്ള യോഗ്യത സംബന്ധിച്ച സ്പെഷ്യൽ റൂളുകൾ പുതിയ കോഴ്സുകൾക്ക് അനുസൃതമായി പരിഷ്കരിക്കേണ്ട തിന്റെ ആവശ്യകതയിലേക്ക് ഡോ. എൻ. ജയരാജ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു :

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | പടന്നക്കാട് നെഹ്റു കോളേജിലെ പ്രിൻസിപ്പലിന്റെ യാത്രയയപ്പ് | വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും |
| 2 | ശ്രീ. രാജു എബ്രഹാം | ജസ്ന മേരി ജയിംസിന്റെ തിരോധാനം | മുഖ്യമന്ത്രി |
| 3 | ശ്രീ. സി. കെ. നാണു | വടകരയിലെ സ്വകാര്യ വീഡിയോ ഗ്രാഫി സ്ഥാപനത്തിലെ ഫോട്ടോ വീഡിയോ മോർഫിംഗ് | മുഖ്യമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ എം. രാജഗോപാലൻ | മൂവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പി. അനിൽ കുമാർ | പട്ടികജാതി പട്ടികവർഗ്ഗ അതിക്രമ നിയമവുമായി ബന്ധപ്പെട്ട സുപ്രീം കോടതി നിർദ്ദേശങ്ങൾ | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ബഷീർ | മൊടവണ്ണക്കടവിൽ ചാലിയാർ പുഴയ്ക്ക് കുറുകെ നടപ്പാലം നിർമ്മാണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. കെ. ശശി | ഐക്കോൺസിലെ സുതാര്യ ഭരണ നടത്തിപ്പ് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. മോൻസ് ജോസഫ് | ഉഴവൂർ ഗവ.ആശുപത്രിയിൽ തസ്തികകൾ സൃഷ്ടിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. സി. ദിവാകരൻ | വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് നടപ്പിലാക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | ശ്രീ. കെ. സി. ജോസഫ് | കൃഷിഭൂമി വനഭൂമിയായി മാറ്റിയത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 11 | ശ്രീ. പി. വി. അൻവർ | മലയോര ഹൈവേ | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസ്</u> :

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വച്ചു.

<u>റിപ്പോർട്ട് സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു :

(1) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനൊന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ.

(2) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്.

<u>റിപ്പോർട്ട് പരിഗണന</u> :

(1) പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(2) ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ടിന്റെ പരിഗണന മാറ്റിവച്ചു.

<u>നിയമനിർമ്മാണകാര്യം</u> :

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

വ്യവസായവും,സ്പോർട്സും,യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലും, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും

സുഗമമാക്കലും (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം ശ്രീ. ഹൈബി ഈഡൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. പി. ടി. തോമസ് നിരാകരണ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് സംസാരിച്ചു. 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം ശ്രീ. അനിൽ അക്കര ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. റോജി എം. ജോൺ നിരാകരണ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് സംസാരിച്ചു.

പ്രസ്തുത ബില്ലുകളെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾക്ക് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. വി. പി. സജീന്ദ്രൻ, ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. പി. ഉബൈദുള്ള എന്നിവർ സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പാറക്കൽ അബ്ദുല്ലയും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. എം. മാണിയും അവതരിപ്പിച്ചു സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എ. എൻ. ഷംസീറും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീമതി ഗീതാ ഗോപി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഇ. കെ. വിജയനും അവതരിപ്പിച്ചു സംസാരിച്ചു.

വ്യവസായവും, സ്പോർട്സും, യുവജനകാര്യവും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് സംബന്ധിച്ച നിരാകരണ പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി തള്ളുകയും ചെയ്തു.

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ഓർഡിനൻസിനെ സംബന്ധിച്ച നിരാകരണ പ്രമേയം സഭ വോട്ടിനിട്ട് തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

തുടർന്ന് രണ്ടുബില്ലുകളും വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു :

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ ഭേദഗതികൾ

മൂന്നാം വകുപ്പ്

1. In section 9 A (I) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, for the word "any" substitute the word "an".

2. In the proviso to section 9A(1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, for the word "is" substitute the word "are".

3. In the proviso to section 9A(1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, for the word "deligence" the word "diligence" shall be substituted.

4. In section 9 A(2) proposed to be inserted in the Kerala Headload Worker's Act, 1978 by Clause 3, after the word "wages" insert the word "as".

5. In section 9A(2) proposed to be inserted in the Kerala Headload Worker's Act, 1978 by Clause 3, before the word "owner" insert the word "the".

നാലാം വകുപ്പ്

6. In Clause 4(1), for the word "purposes" the word "purpose" shall be substituted.

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ

രണ്ടാം വകുപ്പ്

1. ഖണ്ഡം 2(1)(എ) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 232-ാം വകുപ്പിന്റെ ശീർഷകത്തിൽ ചേർക്കാനുദ്ദേശിക്കുന്ന "ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും" എന്ന വാക്കുകൾക്ക് മുൻപായി "വ്യവസായങ്ങളും" എന്ന വാക്ക് ചേർക്കുക.

2. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 233 (2 എ)-ൽ "പ്രമാണങ്ങൾ" എന്ന വാക്കിന് പകരം "രേഖകൾ" എന്ന വാക്ക് ചേർക്കുക.

3. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ)-വകുപ്പിൽ "കൈപ്പറ്റ രസീത്" എന്നതിനുപകരം "കൈപ്പറ്റ രസീത്" എന്നത് ചേർക്കുക.

4. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിൽ "ലഭിച്ച" എന്ന വാക്കിന് പകരം "ലഭിച്ച തീയതി മുതൽ" എന്ന വാക്കുകൾ ചേർക്കുക.

5. ഖണ്ഡം 2(2)(ഡി)(iii) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ ഭേദഗതി വരുത്താനുദ്ദേശിക്കുന്ന വകുപ്പ് 233(4)(ബി)-ൽ "മറ്റ് ആരോഗ്യരക്ഷാ സ്ഥാപനങ്ങളോ" എന്ന വാക്കുകൾക്കുപകരം "മറ്റ് ഏതെങ്കിലും ആരോഗ്യപരിപാലന സ്ഥാപനമോ" എന്നീ വാക്കുകൾ ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

6. ഖണ്ഡം 3(1)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 447(2 എ) വകുപ്പിൽ "വിട്ടു പോയ രേഖ" എന്നതിനുപകരം "വിട്ടു പോയ രേഖകൾ ഏതെങ്കിലും ഉണ്ടെങ്കിൽ " എന്നീ വാക്കുകൾ ചേർക്കുക.

7. ഖണ്ഡം 3(1)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 447 (2 എ) വകുപ്പിൽ "അപേക്ഷകന്റെ ശ്രദ്ധയിൽ പ്പെടുത്തേണ്ടതും" എന്നതിന് പകരം "അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ് " എന്ന് ചേർക്കുക.

8. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 447 (4)-ാം വകുപ്പിൽ "(3)(3 എ) എന്നീ ഉപവകുപ്പുകളിൻകീഴിൽ" എന്ന വാക്കുകൾക്കുപകരം "(3)-ാം ഉപവകുപ്പിനു കീഴിൽ" എന്നീ വാക്കുകൾ ചേർക്കുക.

9. ഖണ്ഡം 3(1)(ജി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(5 എ)-ൽ "കൂടുതലായി" എന്ന വാക്കിന് പകരം "വീണ്ടും" എന്ന വാക്ക് ചേർക്കുക.

10. ഖണ്ഡം 3(2)(ബി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 448(1 എ)-ൽ "രേഖ" എന്നത് "രേഖകൾ" എന്നാക്കുക.

11. ഖണ്ഡം 3(3)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 449(2)-ൽ "യന്ത്രസാമഗ്രികളുടെയോ" എന്ന വാക്കിന് ശേഷം " മാനുഫാക്ചറിംഗ് പ്ലാന്റിന്റെയോ" എന്ന വാക്കുകൾ കൂടി ചേർക്കുക.

<u>നാലാം വകുപ്പ്</u>

12. ഖണ്ഡം 4(1) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന ദീർഘശീർഷകത്തിൽ " അതിന്റെ" എന്ന വാക്കിനുപകരം "അവയുടെ " എന്ന വാക്ക് ചേർക്കുക.

13. ഖണ്ഡം 4(2)(ii) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ "എല്ലാ വ്യവസായ സ്ഥാപനങ്ങളും" എന്നതിനുപകരം "വ്യവസായ സ്ഥാപനങ്ങൾ" എന്ന് ചേർക്കുക.

14. ഖണ്ഡം 4(2)(ii) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ, "വ്യവസായ നഗരപ്രദേശതലത്തിലും" എന്നതിനുപകരം "വ്യവസായ പ്രദേശതലത്തിലും" എന്ന് ചേർക്കുക.

15. ഖണ്ഡം 4(3)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ബിഎ)-ൽ, "യൂട്ടിലിറ്റി സർവ്വീസുകൾ" എന്നത് "യൂട്ടിലിറ്റി സേവനങ്ങൾ" എന്ന് മാറ്റുക.

16. ഖണ്ഡം 4(3)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ബിഎ)-ൽ, "നടത്തുന്നതിനും" എന്ന വാക്കിനുശേഷം "വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവത്കരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

17. ഖണ്ഡം 4(4)(എ)-ൽ "പ്രവർത്തിപ്പിക്കുന്നതിനുമായി" എന്നതിനുപകരം "വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവത്കരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

18. ഖണ്ഡം 4(4)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (3) (ബി)-ൽ "ടൂറിസം" എന്ന വാക്കിന് പകരം " വിനോദസഞ്ചാരം" എന്ന വാക്ക് ചേർക്കുക.

19. ഖണ്ഡം 4(5)(എ) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4 (3) (പി) താഴെ പറയും പ്രകാരം മാറ്റുക:

"(പി) വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത വിനോദ സഞ്ചാര വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;"

20. ഖണ്ഡം 4(6)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിലെ വകുപ്പ് 5(3) (എൻ) താഴെ പറയും പ്രകാരം മാറ്റുക:

"(എൻ)സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;"

21. ഖണ്ഡം 4(6)സി പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിലെ വകുപ്പ് 5(4)-ൽ "പ്രൈവറ്റ് പാർക്കിന്റെ" എന്നത് "സ്വകാര്യ പാർക്കിന്റെ" എന്നാക്കുക.

22. ഖണ്ഡം 4(7)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 6-ൽ "കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും" എന്ന വാക്കുകൾ ഒഴിവാക്കുക.

23. ഖണ്ഡം 4(7)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 6-ൽ "വിപുലീകരണവും, വൈവിധ്യവൽക്കരണവും, ആധുനികവൽക്കരണവും ഉൾപ്പെടെ" എന്നതിനുപകരം "വിപുലീകരണത്തിനും, വൈവിധ്യവൽക്കരണത്തിനും, ആധുനികവൽക്കരണത്തിനും ഉൾപ്പെടെയുള്ള " എന്ന് ചേർക്കുക.

24. ഖണ്ഡം 4(8)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ൽ "അനുവാദമോ" എന്ന വാക്കിനുശേഷം "ലൈസൻസുകളുടെ പുതുക്കലോ" എന്ന് ചേർക്കുക.

25. ഖണ്ഡം 4(9)(ഡി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ൽ "സംസ്ഥാന ബോർഡ് അപ്പീൽ, അപ്പീൽ" എന്നതിനുപകരം "അപ്രകാരം സമർപ്പിക്കപ്പെട്ട അപ്പീൽ, സംസ്ഥാന ബോർഡ്, ആയത് " എന്ന് ചേർക്കുക.

26. ഖണ്ഡം 4(10)(ബി)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 9(2)(എ)-ൽ "അനുവാദമോ" എന്ന വാക്കിനു ശേഷം "ക്ലിയറൻസോ പുതുക്കലോ" എന്നീ വാക്കുകൾ ചേർക്കുക.

27. ഖണ്ഡം 4(10)(ഡി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 9(4)-ൽ "വികസിപ്പിക്കുന്നതിലോ" എന്ന വാക്കിനുശേഷം "വൈവിദ്ധ്യവത്കരിക്കുന്നതിലോ ആധുനികവത്കരിക്കുന്നതിലോ" എന്നീ വാക്കുകൾ ചേർക്കുക.

28. ഖണ്ഡം 4(12)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ 11 എ(1) വകുപ്പിൽ, "വ്യാവസായിക" എന്ന വാക്കിനു പകരം "വ്യവസായ" എന്ന വാക്ക് ചേർക്കുക.

2018 ഏപ്രിൽ 4-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.32- ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Tenth Session**

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, April 3, 2018*

**No. 124**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions* :

Three questions in the list of questions posted for the day were answered orally.

*Correction of answer to Starred Question* :

Statement correcting answer and the corrected answer to Starred Question No. 453 dated 22nd March, 2018 of the Tenth session of the Fourteenth Kerala Legislative Assembly was laid on the table by DR. T. M. Thomas Isaac, Minister for Finance and Coir.

*Special Mention* :

The Speaker made a statement felicitating the Kerala Football team which won the Santhosh Trophy. Chief Minister, Leader of Opposition and Minister for Industries, Sports and Youth Affairs concurred with the opinion of the Chair and felicitated the winners.

The Chief Minister informed the House the decision to celebrate 6th of April as victory day as a mark of happiness on the achivement.

*Adjournment Motion* :

After hearing the Minister for Revenue and Housing, the Speaker withheld consent to the moving of an adjournment motion given notice of by Shri V. D. Satheesan and two other Members regarding the serious situation reported to have arisen consequent on the alleged plotting of a Deputy Collector of Wayanad, the district secretary of a ruling party and the intermediaries to assign the government land to some individuals.

KNPP. 1224/2018 (ii).

In protest against the attitude of the Government in the matter the Members belongs to Kerala Congress ( M) and BJP staged a walk out. The Members belong to Indian National Congress and Indian Union Muslim League moved into the well of the House shouting slogns and staged a walkout.

*Calling Attention* :

(1) Shri K. Suresh Kurup called the attention of the Minister for Finance and Coir to the necessity to exert pressure on the Central Government for the Fifteenth Finance Commission to not take 2011 Census as the base for resource transfer. The Minister made a statement thereto.

(2) DR. N. Jayaraj called the attention of the Chief Minister to the necessity to revise the Special Rules regarding qualification for appointments in various departments in accordance with the new courses. The Chief Minister made a statement thereto.

*Matters raised under Rule 304* :

The matters raised under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | പടന്നക്കാട് നെഹ്റു കോളേജിലെ പ്രിൻസിപ്പലിന്റെ യാത്രയയപ്പ് | വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും |
| 2 | ശ്രീ. രാജു എബ്രഹാം | ജസ്ന മേരി ജയിംസിന്റെ തിരോധാനം | മുഖ്യമന്ത്രി |
| 3 | ശ്രീ. സി. കെ. നാണു | വടകരയിലെ സ്വകാര്യ വീഡിയോ ഗ്രാഫി സ്ഥാപനത്തിലെ ഫോട്ടോ വീഡിയോ മോർഫിംഗ് | മുഖ്യമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. എം. രാജഗോപാലൻ | മുവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പി. അനിൽ കുമാർ | പട്ടികജാതി പട്ടികവർഗ്ഗ അതിക്രമ നിയമവുമായി ബന്ധപ്പെട്ട സുപ്രീം കോടതി നിർദ്ദേശങ്ങൾ | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ബഷീർ | മൊടവണ്ണക്കടവിൽ ചാലിയാർ പുഴയ്ക്ക് കുറുകെ നടപ്പാലം നിർമ്മാണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. കെ. ശശി | ഐക്കോൺസിലെ സുതാര്യ ഭരണ നടത്തിപ്പ് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. മോൻസ് ജോസഫ് | ഉഴവൂർ ഗവ.ആശുപത്രിയിൽ തസ്തികകൾ സൃഷ്ടിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. സി. ദിവാകരൻ | വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് നടപ്പിലാക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | ശ്രീ. കെ. സി. ജോസഫ് | കൃഷിഭൂമി വനഭൂമിയായി മാറ്റിയത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 11 | ശ്രീ. പി. വി. അൻവർ | മലയോര ഹൈവേ | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Paper laid on the Table* :

The Second Report of the Rules Committee was laid on the Table.

*Presentation of Reports* :

The following Reports were presented:

(1) The Eleventh to Thirteenth Reports of the Committee on Environment.

(2) The First Report of the Committee on Papers Laid on the Table.

*Consideration of Reports* :

(1) The First Report of the Committee on Privileges and Ethics was considered and adopted by the House.

(2) The consideration of the Second Report of the Rules Committee was postponed.

<u>Legislative Business :</u>

<u>Motion for consideration and further stages of the Bills as reported by the Subject Committee</u>

1. Shri A. C. Moideen, Minister for Industries, Sports and Youth Affairs moved the motion that the Kerala Investment Promotion and Facilitation Bill, 2018

and the Kerala Investment Promotion and Facilitation (No.2) Bill,2018 as reported by the Subject Committee be taken up for consideration. Shri Thiruvanchoor Radhakrishnan as authorised by Shri Hibi Eden moved ordinance disapproval motion regarding the Kerala Investment Promotion and Facilitation (No.2) Ordinance and spoke. Shri P. T. Thomas seconded the motion and spoke. Shri K. C. Joseph as authorised by Shri.Anil Akkara moved ordinance disapproval motion regarding the Kerala Investment Promotion and the Facilitation Ordinance and spoke. Shri Roji M. John seconded the motion regarding the Kerala Investment promotion and Facilition ordinance and spoke.

Shri T. V. Ibrahim, Shri V. P. Sajeendranm, Shri V. K. Ibrahim Kunju, Shri Manjalamkuzhi Ali and Shri P. Ubaidulla who had recorded their minutes of dissent to the Reports of the Subject Committee on the bills also spoke.

Shri. Parakkal Abdulla moved an amendment to circulate the Kerala Investment Promotion and Facilitation Bill,2018 as reported by the Subject Committee for eliciting public opinion and Shri K. M. Mani moved another amendment to recommit the bill to the same Subject Committee and spoke.

Shri A. N. Shamseer moved an amendment to circulate the Kerala Investment Promotion and Facilitation (No.2) Bill,2018 as reported by the Subject Committee for eliciting public opinion and Shri E. K. Vijayan as authorised by Smt. Geetha Gopi moved another amendment to recommit the bill to the same Subject Committee and spoke.

After the reply by the Minister for Industries, Sports and Youth Affairs the ordinance disapproval motion regarding the Kerala Investment Promotion and Facilitation Ordinance 2018 was withdrawn by the leave of the House. The amendment moved for eliciting public opinion was withdrawn by the leave of the House. The amendment moved to recommit the bill to the same Subject Committee was declared lost.

The ordinance disapproval motion regarding the Kerala Investment Promotion and Facilitation Bill (No.2) Ordinance 2018 was put to vote and declared lost. The amendments moved were withdrawn by the leave of the House.

Then the Bills were considered clause by clause and passed with the following amendments:

I. The Kerala Investment Promotion and Facilitation Bill,2018 :

*Clause 3*

1. In section 9A(1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, for the word "any" substitute the word "an".

2. In the proviso to section 9A(1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, for the word "is" substitute the word "are".

3. In the proviso to section 9A(1) proposed to be inserted in the Kerala Headload Workers Act, 1978 by clause 3, for the word "deligence" the word "diligence" shall be substituted.

4. In section 9 A(2) proposed to be inserted in the Kerala Headload Worker's Act, 1978 by Clause 3, after the word "wages" insert the word "as".

5. In section 9A(2) proposed to be inserted in the Kerala Headload Worker's Act, 1978 by Clause 3, before the word "owner" insert the word "the".

*Clause 4*

6. In Clause 4(1), for the word "purposes" the word "purpose" shall be substituted.

II. The Kerala Investment Promotion and Facilitation (No.2) Bill,2018 :

*Clause 2*

1. ഖണ്ഡം 2(1) (എ) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232-ാം വകുപ്പിന്റെ ശീർഷകത്തിൽ ചേർക്കാനുദ്ദേശിക്കുന്ന "ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും" എന്ന വാക്കുകൾക്ക് മുൻപായി "വ്യവസായങ്ങളും" എന്ന വാക്ക് ചേർക്കുക.

2. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 233 (2 എ)-ൽ "പ്രമാണങ്ങൾ" എന്ന വാക്കിന് പകരം "രേഖകൾ" എന്ന വാക്ക് ചേർക്കുക.

3. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ)-വകുപ്പിൽ "കൈപ്പറ്റു രസീതു" എന്നതിനുപകരം "കൈപ്പറ്റു രസീത്" എന്നത് ചേർക്കുക.

4. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിൽ "ലഭിച്ച" എന്ന വാക്കിന് പകരം "ലഭിച്ച തീയതി മുതൽ" എന്ന വാക്കുകൾ ചേർക്കുക.

5. ഖണ്ഡം 2 (2)(ഡി)(iii) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ ഭേദഗതി വരുത്താനുദ്ദേശിക്കുന്ന വകുപ്പ് 233(4)(ബി)-ൽ "മറ്റ് ആരോഗ്യരക്ഷാ സ്ഥാപനങ്ങളോ" എന്ന വാക്കുകൾക്ക പകരം "മറ്റ് ഏതെങ്കിലും ആരോഗ്യപരിപാലന സ്ഥാപനമോ" എന്നീ വാക്കുകൾ ചേർക്കുക.

*Clause 3*

6. ഖണ്ഡം 3(1)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 447(2 എ) വകുപ്പിൽ "വിട്ടു പോയ രേഖ" എന്നതിനുപകരം "വിട്ടു പോയ രേഖകൾ ഏതെങ്കിലും ഉണ്ടെങ്കിൽ" എന്നീ വാക്കുകൾ ചേർക്കുക.

7. ഖണ്ഡം 3(1)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 447(2 എ) വകുപ്പിൽ "അപേക്ഷകന്റെ ശ്രദ്ധയിൽ പ്പെടുത്തേണ്ടതും" എന്നതിന് പകരം "അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്" എന്ന് ചേർക്കുക.

8. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 447 (4)-ാം വകുപ്പിൽ "(3)(3 എ) എന്നീ ഉപവകുപ്പുകളിൻകീഴിൽ" എന്ന വാക്കുകൾക്കുപകരം "(3)-ാം ഉപവകുപ്പിൻ കീഴിൽ" എന്നീ വാക്കുകൾ ചേർക്കുക.

9. ഖണ്ഡം 3(1)(ജി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(5 എ)-ൽ "കൂടുതലായി" എന്ന വാക്കിന് പകരം "വീണ്ടും" എന്ന വാക്ക് ചേർക്കുക.

10. ഖണ്ഡം 3(2)(ബി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 448(1 എ)-ൽ "രേഖ" എന്നത് "രേഖകൾ" എന്നാക്കുക.

11. ഖണ്ഡം 3(3)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 449(2)-ൽ "യന്ത്രസാമഗ്രികളുടെയോ" എന്ന വാക്കിന് ശേഷം " മാനുഫാക്ച്ചറിംഗ് പ്ലാന്റിന്റെയോ" എന്ന വാക്കുകൾ കൂടി ചേർക്കുക.

*Clause 4*

12. ഖണ്ഡം 4(1) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന ദീർഘശീർഷകത്തിൽ " അതിന്റെ" എന്ന വാക്കിനുപകരം "അവയുടെ" എന്ന വാക്ക് ചേർക്കുക.

13. ഖണ്ഡം 4(2)(ii) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ "എല്ലാ വ്യവസായ സ്ഥാപനങ്ങളും" എന്നതിനുപകരം "വ്യവസായ സ്ഥാപനങ്ങൾ" എന്ന് ചേർക്കുക.

14. ഖണ്ഡം 4(2)(ii) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ, "വ്യവസായ നഗരപ്രദേശതലത്തിലും" എന്നതിനുപകരം "വ്യവസായ പ്രദേശതലത്തിലും" എന്ന് ചേർക്കുക.

15. ഖണ്ഡം 4(3)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ബിഎ)-ൽ, "യൂട്ടിലിറ്റി സർവ്വീസുകൾ" എന്നത് "യൂട്ടിലിറ്റി സേവനങ്ങൾ" എന്ന് മാറ്റുക.

16. ഖണ്ഡം 4(3)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ബിഎ)-ൽ, "നടത്തുന്നതിനും" എന്ന വാക്കിനുശേഷം "വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവത്കരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

17. ഖണ്ഡം 4(4)(എ)-ൽ "പ്രവർത്തിപ്പിക്കുന്നതിനുമായി" എന്നതിനുപകരം "വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവത്കരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

18. ഖണ്ഡം 4(4)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (3) (ബി)-ൽ "ടൂറിസം" എന്ന വാക്കിന് പകരം " വിനോദസഞ്ചാരം" എന്ന വാക്ക് ചേർക്കുക.

19. ഖണ്ഡം 4(5)(എ) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4 (3) (പി) താഴെ പറയും പ്രകാരം മാറ്റുക:

"(പി) വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത വിനോദ സഞ്ചാര വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;"

20. ഖണ്ഡം 4(6)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 5(3)(എൻ) താഴെ പറയും പ്രകാരം മാറ്റുക:

"(എൻ)സംസ്ഥാന ചരക്കസേവന നികുതി വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;"

21. ഖണ്ഡം 4(6)സി പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 5(4)-ൽ "പ്രൈവറ്റ് പാർക്കിന്റെ" എന്നത് "സ്വകാര്യ പാർക്കിന്റെ" എന്നാക്കുക.

22. ഖണ്ഡം 4(7)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 6-ൽ "കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും" എന്ന വാക്കുകൾ ഒഴിവാക്കുക.

23. ഖണ്ഡം 4(7)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 6-ൽ "വിപുലീകരണവും, വൈവിധ്യവൽക്കരണവും, ആധുനികവൽക്കരണവും ഉൾപ്പെടെ" എന്നതിനുപകരം "വിപുലീകരണത്തിനും, വൈവിധ്യവൽക്കരണത്തിനും, ആധുനികവൽക്കരണത്തിനും ഉൾപ്പെടെയുള്ള " എന്ന് ചേർക്കുക.

24. ഖണ്ഡം 4(8)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ൽ "അനുവാദമോ" എന്ന വാക്കിനുശേഷം "ലൈസൻസുകളുടെ പുതുക്കലോ" എന്ന് ചേർക്കുക.

25. ഖണ്ഡം 4(9)(ഡി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ൽ "സംസ്ഥാന ബോർഡ് അപ്പീൽ, അപ്പീൽ" എന്നതിനുപകരം "അപ്രകാരം സമർപ്പിക്കപ്പെട്ട അപ്പീൽ, സംസ്ഥാന ബോർഡ്, ആയത് " എന്ന് ചേർക്കുക.

26. ഖണ്ഡം 4(10)(ബി)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 9(2)(എ)-ൽ "അനുവാദമോ" എന്ന വാക്കിനുശേഷം "ക്ലിയറൻസോ പുതുക്കലോ" എന്നീ വാക്കുകൾ ചേർക്കുക.

27. ഖണ്ഡം 4(10)(ഡി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 9(4)-ൽ "വികസിപ്പിക്കുന്നതിലോ" എന്ന വാക്കിനുശേഷം "വൈവിദ്ധ്യവത്കരിക്കുന്നതിലോ ആധുനികവത്കരിക്കുന്നതിലോ" എന്നീ വാക്കുകൾ ചേർക്കുക.

28. ഖണ്ഡം 4(12)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ 11 എ(1) വകുപ്പിൽ, "വ്യാവസായിക" എന്ന വാക്കിനു പകരം "വ്യവസായ" എന്ന വാക്ക് ചേർക്കുക.

The House adjourned at 4.32 p.m. to meet again at 8.30 a.m. on Wednesday, April 4, 2018.

V. K. BABU PRAKASH,
*Secretary.*